മുത്തലാഖ് ബിൽ പരിഗണിക്കുന്നത് 27ലേക്ക് മാറ്റി

Friday 21 December 2018 11:52 am IST

janmabhumidaily.com

മുത്തലാഖ് നിയമവിരുദ്ധവും അസാധുവുമായി പ്രഖ്യാപിക്കുന്ന ബില്ലിൽ നിയമം ലംഘിച്ചാൽ മൂന്നു വർഷം വരെ തടവും വ്യവസ്ഥ ചെയ്യുന്നു. ലോക്സഭ നേരത്തെ പാസാക്കിയ രാജ്യസഭയിൽ കെട്ടിക്കിടക്കുന്ന പഴയ മുത്തലാഖ് ബില്ലിനു പകരമാണ് പുതിയ ബിൽ.

ന്യൂദൽഹി: മുത്തലാഖ് ബിൽ പരിഗണിക്കുന്നത് ഈ മാസം 27 ലേക്ക് ലോക്സഭ മാറ്റിവച്ചു. വിഷയത്തിൽ വിശദമായ ചർച്ച ആവശ്യമായതിനാൽ ബിൽ പരിഗണിക്കുന്നത് മാറ്റണമെന്ന ആവശ്യം ഉയർന്നതിനാലാണ് ചർച്ച നീട്ടിയത്. തുടർന്ന് സപീക്കർ സുമിത്രാ മഹാജൻ ബിൽ പരിഗണിക്കുന്നത് 27 ലേക്ക് മാറ്റുകയായിരുന്നു.

നേരത്തെ മുത്തലാഖ് ബിൽ ലോകസഭ പാസാക്കിയിരുന്നു. എന്നാൽ രാജ്യസഭയിൽ ബിൽ തടസ്സപ്പെട്ടതിനാൽ സർക്കാർ മുത്തലാഖ് ശിക്ഷാർഹമാക്കി ഓഡിനൻസ് പുറപ്പെടുവിക്കുകയായിരുന്നു. ഓഡിനൻസിന് പകരമായുള്ള ബില്ലാണ് ഇപ്പോൾ വീണ്ടും ലോകസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട ബിൽ ആയതിനാവലാണ് പരിഗണിക്കുന്നത് 27ലേക്ക് മാറ്റി വെച്ചതെന്ന് സ്പീക്കർ അറിയിച്ചു.

മുത്തലാഖ് നിയമവിരുദ്ധവും അസാധുവുമായി പ്രഖ്യാപിക്കുന്ന ബില്ലിൽ നിയമം ലംഘിച്ചാൽ മൂന്നു വർഷം വരെ തടവും വ്യവസ്ഥ ചെയ്യുന്നു. ലോക്സഭ നേരത്തെ പാസാക്കിയ രാജ്യസഭയിൽ കെട്ടിക്കിടക്കുന്ന പഴയ മുത്തലാഖ് ബില്ലിനു പകരമാണ് പുതിയ ബിൽ. പഴയ ബിൽ രാജ്യസഭയിൽ പാസാകാതെ വന്നതോടെയാണ് സപ്തംബറിൽ ഓർഡിനൻസ് കൊണ്ടുവന്നത്. ഓർഡിനൻസിന് ആറു മാസം കാലാവധിയേയുള്ളു. അതിനകം ബിൽ കൊണ്ടുവന്ന് നിയമമാക്കണം. ബിൽ പാസായില്ലെങ്കിൽ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിക്കും.

മുത്തലാഖ് വിലക്കി സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടെങ്കിലും ഇപ്പോഴും പലരും നിസ്സാര കാരണങ്ങൾ പറഞ്ഞ് വാട്ട്സാപ്പ് വഴിവരെ മൊഴിചൊല്ലുന്നുണ്ടെന്ന് ബിൽ അവതരിപ്പിച്ച് കേന്ദ്ര നിയമമന്ത്രി രവിശങ്കർ പ്രസാദ് പറഞ്ഞു. വിവാഹ മോചനം വ്യക്തിപരമായ കുറ്റകൃത്യമായി കണക്കാക്കരുതെന്ന് ബില്ലിനെ എതിർത്ത് മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതവുമായ ശശി തരൂർ പറഞ്ഞു. ബില്ലിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും മുത്തലാഖ് പോലെയുള്ള ക്രൂരത അഭിമുഖീകരിക്കുന്ന മുസ്ലിം സ്ത്രീകളെ സഹായിക്കാൻ നിയമം അനിവാര്യമാണെന്നും മന്ത്രി മറുപടി നൽകി.

മുത്തലാഖ് ജാമ്യമില്ലാ കുറ്റമാക്കുന്ന ബില്ലിൽ പ്രതികൾക്ക് ജാമ്യത്തിന് വിചാരണക്കോടതിയെ സമീപിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഭാര്യയുടെ മൊഴികേട്ട ശേഷം ജാമ്യം നൽകണോയെന്ന് മജിസ്ട്രേറ്റിന് തീരുമാനിക്കാം. ഭാര്യക്ക് ജീവനാംശം നൽകാമെന്ന് ഭർത്താവ് സമ്മതിച്ചാൽ മാത്രമേ ജാമ്യം നൽകാൻ കഴിയൂ. ജീവനാംശം എത്ര വേണമെന്നും മജിസ്ട്രേറ്റിന് തീരുമാനിക്കാം.